1 നവംബർ 2009

# കൂദോശ് ഈത്തോ ഞായർ

## ആരാധനാക്രമവത്സരാരംഭം

മത്താ 16:13–23

ഫാ. മാത്യു പി. ഫ്രാൻസിസ്

ഭവനം കൂദാശ ചെയ്യപ്പെട്ട് വിശുദ്ധീകരിക്കപ്പെടുമ്പോഴാണ് അത് വാസയോഗ്യമായി ത്തീരുന്നത്. കൂദോശ് ഈത്തോ ഞായറിൽ നാം സ്മരിക്കുന്നത് സഭയുടെ വിശുദ്ധീകര ണവും സഭയുടെ ആരംഭവുമാണ്. ക്രിസ്തു ശിരസ്സായ ശരീരത്തിലെ ഓരോ അവയവ ങ്ങളാണ് വിശ്വാസികളോരോരുത്തരും. ഓരോ അവയവങ്ങൾ ശുദ്ധമായി അങ്ങനെ ശരീര ങ്ങൾ ശുദ്ധിയാകുംപോലെ ഓരോ ക്രൈസ്തവന്റെയും ശുദ്ധീകരണം വഴിയായി സഭ ഒന്നാകെ ശുദ്ധമാക്കപ്പെടുന്നു. സഭയുടെ നിലനിൽപ്പ് ഉറച്ച അടിസ്ഥാനവിശ്വാസത്തിന്മേലാണ്. മറ്റാരി ലുമുള്ള വിശ്വാസമല്ല, ഏക രക്ഷകനായ മിശിഹായിലുള്ള വിശ്വാസം. ഇപ്രകാരം ഉറച്ച വിശ്വാസത്തിൽ പണിത ക്രൈസ്തവജീവിത കൂട്ടായ്മയായ ഭവനത്തെയാണ് കൂദാശചെയ്ത് വിശുദ്ധീകരിക്കേണ്ടത്. ഈ വിശുദ്ധീകരണം നിരന്തരം സംഭവിക്കേണ്ട ഒരു പ്രക്രിയയാണ്. ഈ വിശുദ്ധീകരണം, ക്രിസ്തുവിന്റെ രക്ഷാകര ജീവിതവും ക്രൂശുമരണവും നിരന്തരം ധ്യാന വിഷയമാകുമ്പോൾ മാത്രം സംഭവിക്കുന്ന ഒരു കാര്യമാണ്. ഇന്ന് സഭയുടെ ആരംഭം നാം ഓർക്കുന്നു എന്നുപറയുമ്പോൾ, ക്രിസ്തുവിന്റെ രക്ഷാകര ചരിത്രങ്ങളുടെ ആരാധനാപര മായ ആഘോഷങ്ങളുടെ ആരംഭം കുറിക്കുന്ന സഭാവത്സരത്തിന്റെ ആരംഭം എന്നാണ്.

മത്തായി ശ്ലീഹാ എഴുതിയ സുവിശേഷം 16–ാം അദ്ധ്യായം 13മുതൽ 23 വരെയുള്ള ഭാഗം യേശുവിന്റെ ജറുസലേം യാത്രയുടെ പശ്ചാത്തലത്തിലാണ് അവതരിപ്പിച്ചിരിക്കുന്നത്. ക്രിസ്തുവിന്റെ ദൗത്യം പൂർണമാക്കപ്പടുത്തത് ജറുസലേമിലാണ്. അവിടെ ക്രിസ്തു പീഡ സഹിക്കുകയും തന്റെ മരണത്താൽ മുഴുവൻ ലോകത്തിന് രക്ഷ പ്രദാനം ചെയ്യുകയും ചെയ്യു ന്നു. ഗലീലിയയിൽ പല ആവർത്തി ക്രിസ്തു തന്നെത്തന്നെ വെളിപ്പെടുത്തിയിട്ടുണ്ട്. ഈ നിർണായക നിമിഷത്തിൽ ക്രിസ്തു, തന്നെ അവർ മനസ്സിലാക്കിയോ എന്നു പരീക്ഷിക്കുക യാണ്. ഇവിടെ മൂന്നു ചോദ്യങ്ങൾ ഉണ്ട്, രണ്ടു ചോദ്യങ്ങൾ ക്രിസ്തു ചോദിക്കുന്നു, മൂന്നാ മത്തേത് ശിഷ്യൻ തന്നോട് ഉള്ളിൽ ചോദിക്കുന്നു. കേസറിയ ഫിലിപ്പിയിൽവച്ച് യാത്രയുടെ മദ്ധ്യേ ചോദിക്കുന്നു, ക്രിസ്തു ആരെന്നാണ് തന്നെകണ്ട ലോകം പറയുന്നത്, ഇതിൽ ലോകം പറയുന്നതോടൊപ്പം ശിഷ്യന്റെ ഉത്തരവും ക്രിസ്തു പ്രതീക്ഷിച്ചിരിക്കാം, അവരാരും 'മിശി ഹായെ' തിരിച്ചറിഞ്ഞില്ല, മറ്റ് പല ഉത്തരങ്ങൾ പറയുന്നു. ഇതൊരു പരിശീലനമാണ്. ക്രിസ്തു രഹസ്യത്തിലേക്കുള്ള ശിഷ്യന്മാരെ ഒരുക്കലാണ് നടക്കുന്നത്. രണ്ടാമത്തെ ചോദ്യം വ്യക്തി പരമായിരുന്നു. അതിനും എല്ലാവരും മൗനം ഭജിച്ചപ്പോൾ ആത്മാവിന്റെ പ്രേരണയനുസ രിച്ച് ശീമോൻ എഴുന്നേറ്റു പറഞ്ഞു നീ 'ക്രിസ്തുവാണ്.' വി. പത്രോസിന്റെ മറുപടി മാംസമോ മനുഷ്യ പ്രേരണയോ മൂലമല്ല ദൈവീക വെളിപാടായിരുന്നു. ഈ മറുപടിയും പൂർണമല്ല, കാരണം, ഏതുവിധം അവൻ മിശിഹാ ആകുന്നുവെന്നു ശീമോനു പൂർണ വെളിപാടു കിട്ടാ ത്തതിനാൽ ക്രിസ്തു പറഞ്ഞു ആരോടും ഇത് പറയരുത്. മൂന്നാമത്തെ ചോദ്യം ശിഷ്യൻ ചോദിക്കണം ലോകം പറയുന്നതിൽനിന്നും ഞാൻ പറഞ്ഞതിൽനിന്നും ഉള്ള ക്രിസ്തു അറിവ് എന്നെ എന്തുമാത്രം സ്വാധീനിച്ചിട്ടുണ്ട് അഥവാ ഞാനും ലോകവും ചിന്തിക്കുന്നത് തമ്മിൽ എന്ത് വ്യത്യാസമാണുള്ളത്. അനുഭവത്തിന്റെ ആഴങ്ങളിൽ നിന്നുമുള്ള ഉത്തരമായിരിക്കും.

അതായിരിക്കും പാറപോൽ ഉറച്ച വിശ്വാസവും.

യേശു ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണെന്നത് വിശ്വസിച്ച് ഏറ്റുപറയുന്നവരുടെ സമൂഹമാണ് സഭ. ക്രിസ്തു സഭയിലൂടെയാണ് സംസാരിക്കുന്നത്, കാരണം സഭയിലാണ് പരിശുദ്ധ കൂദാശകളും ദൈവവചനവും സ്ഥിതിചെയ്യുന്നത്. ഉൽപ 28:10 ൽ യാക്കോബ് സ്വപ്നത്തിൽ ഒരു ഗോവേണി കാണുന്നു. അവിടെ ദൈവം മനുഷ്യരോടും മനുഷ്യൻ ദൈവത്തോടും സംസാരിക്കുന്നു. ഒരു ദൈവമനുഷ്യ സംസർഗം രൂപപ്പെടുന്നു. സഭയിൽ മിശിഹായുടെ രക്ഷാകര അനുഭവങ്ങൾ ധ്യാനിച്ചും അനുഭവിച്ചും ആരാധനയിൽ സംബന്ധിക്കുമ്പോൾ, ക്രിസ്തു നമ്മോടും നാം ക്രിസ്തുവിനോടും സംസാരിക്കുകയും, അവനെന്നെ ക്രൂശിന്റെ രക്ഷയിലേക്ക് നയിക്കുകയും ചെയ്യും.

വിശ്വാസി എന്തുകൊണ്ടാണ് ചിലപ്പോൾ വിശ്വാസം ഉപേക്ഷിച്ചു പോകുന്നത്? ക്രിസ്തു മിശിഹാ ആണ് എന്ന ഉറപ്പ് ഒരു ധ്യാനാനുഭവമായി എപ്പോഴും കൊണ്ടുനടന്നില്ലെങ്കിൽ ഒരു സാധാരണ ധ്യാനം കൂടിയിട്ട് കുറച്ചു ദിവസം കഴിഞ്ഞ് ക്രിസ്തുവിനെ മറക്കുന്നതുപോലെ നാം വിശ്വാസ അനുഭവത്തിൽനിന്ന് പിറകോട്ടു പോകും. മർക്കോ 8:32 ൽ ക്രിസ്തു തന്റെ രക്ഷാകര പീഡകളെപ്പറ്റി പറഞ്ഞപ്പോൾ പത്രോസ് അതിന് എതിർ നിൽക്കുന്നു. എതിരു നില്ക്കുന്നവൻ ക്രിസ്തുവിനെ അനുഗമിക്കുന്നവനല്ല, അതുകൊണ്ട് ക്രിസ്തു പറഞ്ഞു സാത്താനേ നീ മുന്നിൽ നിന്നു മാറൂ, എന്നു പറഞ്ഞാൽ പിറകിലേക്ക് വരികയും ശിഷ്യത്വം സ്വീകരിച്ച് ക്രൂശിനെ അനുഗമിക്കാനുമാണ് ഈശോ പറയുന്നത്.

വിശ്വാസ ജീവിതത്തിലുറയ്ക്കുമ്പോൾ നമ്മിൽ വിശുദ്ധീകരണം സംഭവിക്കുന്നു. അപ്പോൾ എഫേ 4:22 ൽ പറയുന്നതുപോലെ വഞ്ചനാസക്തികളാൽ കലുഷിതമായ പഴയ മനുഷ്യനെ ദൂരെയെറിഞ്ഞ് ക്രിസ്തുവിനെ ധരിക്കുവാൻ കഴിയും, അപ്രകാരം ജീവിക്കുന്ന ദൈവത്തിന്റെ ആത്മാവ് വസിക്കുന്ന നമ്മുടെ ശരീരം (2 കോറി 6:16) ദൈവത്തിന്റെ ആലയമായിത്തീരും. അതിനാൽ ഓരോ ക്രൈസ്തവനും താൻ ദൈവഭവനമാണെന്ന് തിരിച്ചറിവുണ്ടാകണം, കുഞ്ഞാടിന്റെ രക്തത്താൽ കഴുകപ്പെട്ട് വിലയ്ക്ക് വാങ്ങപ്പെട്ടവരാണ് നാം എന്നും ഓർക്കണം. ക്രിസ്ത്യാനി ഒരു അവബോധത്തിൽ (awareness) ജീവിക്കേണ്ടവനാണ്. എന്തുകൊണ്ടു ഞാനൊരു ക്രൈസ്തവനായി എന്ന അവബോധത്തിൽ. 'എന്തുകൊണ്ട്' എന്ന് നിനക്ക് ചോദ്യമുണ്ടെങ്കിൽ 'എങ്ങനെ' എന്നുള്ളത് താനേ നിനക്ക് മുമ്പിൽ ഉത്തരമായി വരും. കുരിശ് ഒരു ചോദ്യചിഹ്നമായി നിനക്ക് മുന്നിൽ വേണം. അത് രക്ഷ എന്ന ഉത്തരത്തിലേക്ക് നിന്നെ നയിക്കും. ഒരു ചോദ്യവും ഉപേക്ഷിക്കരുത്, കുറഞ്ഞത് grace mark എങ്കിലും കിട്ടില്ലേ? വിശ്വാസി വിശ്വാസം നഷ്ടപ്പെടുത്തുന്നത് ഈ ചോദ്യം അവഗണിച്ചുകളയുന്നതുകൊണ്ടാണ്.

ഫ്രാൻസീസ് അസ്സീസിയോട് കർത്താവ് പറഞ്ഞു, എന്റെ ദൈവാലയം പുനരുദ്ധരിക്കുക, ആദ്യം അദ്ദേഹം വിചാരിച്ചു 'സാൻദാമിയാനോയിലെ' കല്ലും മണ്ണും കൊണ്ടുള്ള ദൈവാലയമാണെന്ന്. പിന്നീടാണ് അറിഞ്ഞ് ക്രിസ്തുവിന്റെ സഭയാകുന്ന ദൈവാലയത്തെക്കുറിച്ചാണെന്ന്. അപ്പസ്തോലിക (എഫേ 2:20) അടിത്തറമേൽ പണിത സഭയാണ് നാം ഓരോരുത്തരും. ഈ സഭയുടെ മൂലക്കല്ല് ക്രിസ്തുവാണ്. (എഫേ 2:20) ... "ക്രിസ്തുവിൽ ഭവനമൊന്നാകെ സമന്വയിക്കപ്പെട്ടിരിക്കുന്നു. കർത്താവിൽ പരിശുദ്ധ ആലയമായി അതു വളർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ആദിമ ക്രൈസ്തവസഭയെപ്പോലെ കൂട്ടായ്മയോടെ (അ.പ്ര 2:37-47) വിശ്വാസികളുടെ ഒറ്റ സമൂഹമായി, ആത്മാവിനാൽ നയിക്കപ്പെട്ട്, പരിശുദ്ധാത്മാവിനാൽ പവിത്രീകൃതരായി ക്രിസ്തുവിന്റെ മൗതിക ശരീരത്തിലെ അവയവങ്ങളായിത്തീരാൻ ഓരോരുത്തർക്കും കഴിയട്ടെ.